# സാന്തോം മെസഞ്ചർ

St. Thomas Forane Church - Parish Bulletin

SANTHOME MESSENGER

Vol: 42 / Issue: 4 / August 2016



## EDITORIAL BOARD

**Printed & Published by**

**Rev. Dr. Thomas Kallukalam CMI**
Vicar, St. Thomas Forane Church
Mob : 7829792320

**Chief Editor**

**Fr. Justin Manninezhath CMI**
Asst. Vicar
Mob : 9916190495
E-mail : justinmanninezhathcmi@gmail.com

**Associate Editor**

**Fr. Benny Tharakunnel CMI**
Asst. Vicar
Mob : 9480732249
E-mail : bennytharakunnel@gmail.com

**Editorial Board**

Prof. P. G. Sebastian
Dr. Bino Kalarikkal
Mr. Sherin Devassy
Mrs. Sweetha Mary Reji

**Layout Design & Printing**

**Matha Printers**
Tel : 2684 5565, 9886809060
E-mail : mathaprints@gmail.com






www.stthomasforanechurch.org
stthomasforanechurch@gmail.com


## അകത്തളം


| | |
|---|---|
| ഇടയ സന്ദേശം | 2 |
| Shepherd's Message | 3 |
| Musings from the Editor | 4 |
| ട്രസ്റ്റിമാർ സംസാരിക്കുന്നു | 5 |
| The Road to Freedom | 6 |
| സ്വാതന്ത്ര്യം പ. അമ്മയുടെ ജീവിതത്തിൽ | 8 |
| To Fly like a Bird with Wings of High | 11 |
| *Amoris Laetitia* | 12 |
| ഇടവകയിലെ സന്യാസസമൂഹങ്ങൾ | 13 |
| മട്ടുപ്പാവിൽ വിളയുന്ന നന്മകൾ | 14 |
| A Sneak Peek into the Parish Activities | 16 |
| ഇടവക വാർത്തകൾ | 19 |
| എഫാത്ത ബൈബിൾ ക്വിസ്സ് | 24 |




സാന്തോം മെസഞ്ചറിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും 2016 ഓഗസ്റ്റ് 21-ന് മുമ്പായി ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

Email : stthomasforanechurch@gmail.com
Mob : 9916190495

# ഇടയനാദം



ഈശോമിശിഹായിൽ പ്രിയപ്പെട്ടവരെ,

ലോകാരോഗ്യസംഘടന, ഒരു വ്യക്തി തന്റെ ജീവിതത്തിൽ വളർത്തിയെടുക്കേണ്ട പത്തു ജീവന കഴിവുകളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. അവ ഇവയാണ്.

1. യുക്തിപൂർവ്വം ചിന്തിക്കാനുള്ള കഴിവ്
2. സൃഷ്ടിപരമായ ചിന്താശേഷി
3. തീരുമാനമെടുക്കുവാനുള്ള കഴിവ്
4. പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള കഴിവ്
5. നല്ല വ്യക്തിബന്ധങ്ങൾ നിലനിർത്താനുള്ള കഴിവ്
6. ഫലപ്രദമായ ആശയവിനിമയശേഷി
7. വികാരങ്ങളെ കൈകാര്യം ചെയ്യാനുള്ള കഴിവ്
8. സമ്മർദ്ദങ്ങളെ അതിജീവിക്കാനുള്ള ശേഷി.
9. മറ്റുള്ളവരെ മനസ്സിലാക്കാനുള്ള കഴിവ്
10. സ്വയം തിരിച്ചറിയാനുള്ള കഴിവ്

ഒറ്റനോട്ടത്തിൽ ഈ പത്തു കാര്യങ്ങളിലേയ്ക്കു നോക്കിയാൽ നേടിയെടുക്കുവാൻ വളരെ ബുദ്ധിമുട്ടുള്ളതായി തോന്നും. എന്നാൽ ഇതിൽ പരാമർശിക്കാത്ത ഒരു കാര്യം നാം ഉറപ്പാക്കിയാൽ, ഈ കാര്യങ്ങളെല്ലാം നമ്മുടെ ജീവിതത്തിൽ സംഭവിക്കും. അത് ഇതാണ്. ദൈവവുമായുള്ള സുദൃഢമായ ഒരു വ്യക്തിബന്ധം.

ഇത് ഒരു വ്യക്തിയുടെ ജീവിതത്തിൽ ഉണ്ടാകുമ്പോൾ ബാക്കി എല്ലാ കാര്യങ്ങളും വേണ്ട വിധത്തിൽ സംഭവിക്കും. ദൈവത്തോടുള്ള വിശ്വസ്തത, നമ്മുടെ ജീവിതത്തിൽ ആത്യന്തികമായ വിജയം കൊണ്ടുവരും. ഓഗസ്റ്റുമാസത്തിലെ നമ്മുടെ അമ്മ പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ ഇത് നമ്മെ അനുസ്മരിപ്പിക്കുന്നു. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം നേടിത്തന്ന മഹത്‌വ്യക്തികളുടെ ദൈവത്തോടുള്ള വിശ്വസ്തത ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു.

''നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത് വിജയിക്കാനല്ല വിശ്വസ്തരാകാനാണ്'' (വാഴ്ത്തപ്പെട്ട മദർ തെരേസ)

എല്ലാവർക്കും സ്വർഗ്ഗാരോപണ–സ്വാതന്ത്ര്യദിനാശംസകൾ!

സസ്നേഹം,

**ഫാ. തോമസ് കല്ലുകളം സി.എം.ഐ.**
വികാരിയച്ചൻ

## POPE'S VOICE



“The media only writes about the sinners and the scandals, he said, but that's normal, because 'a tree that falls makes more noise than a forest that grows'.”

***

“I prefer a church which is bruised, hurting and dirty because it has been out on the streets, rather than a church which is unhealthy from being confined and from clinging to its own security.”

# Shepherd's Message



Dearly Beloved in Christ Jesus,

The World Health Organization has identified 10 basic areas of *Life Skills* that a person needs to cultivate. These are given below:

1. Critical thinking
2. Creative thinking
3. Decision-making
4. Problem solving
5. Making and Keeping Friends/Relationships
6. Effective Communication
7. Dealing with Emotions
8. Coping with Stress
9. Empathy
10. Self Awareness

At a glance, these ten skills may seem difficult to achieve. However, there is one skill, not mentioned in the above, which if ensured, will open the way for the above abilities. And that is - **"A steadfast Personal Relationship with God."**

When this relationship with God is acquired, all the others will fall in place. Being faithful to God will bring boundless success in our lives. The Feast of the Assumption of Mother Mary, celebrated in August, reminds us of this fact. We are further reminded of the faithfulness of our freedom fighters to God, as we celebrate our Independence Day.

"We are not called to be successful, but faithful"- Mother Theresa

Hearty greetings of the Feast of the Assumption and Independence Day!!

**Fr. Thomas Kallukalam CMI**
Forane Vicar

**വി. മദർ തെരേസായുടെ നാമകരണത്തോടനുബന്ധിച്ച് സാന്തോം മെസഞ്ചർ ഒരുക്കുന്ന**

**ലേഖനമത്സരവും കവർപേജ് ഡിസൈൻ മത്സരവും**

**വിഷയം: ''മദർ തെരേസ - കാരുണ്യത്തിന്റെ മാലാഖ''**

(രണ്ട് A4 പേജിൽ കവിയരുത്)

സാന്തോം സ്പെഷ്യൽ എഡിഷൻ കവർപേജ് മത്സരം: മൾട്ടികളർ, 24 (height) x 18 (width) CM

നിങ്ങളുടെ സൃഷ്ടികൾ 2016 ആഗസ്റ്റ് 21ന് മുമ്പ് പാരീഷ് ഓഫീൽ എത്തിക്കുക.

**തിരഞ്ഞെടുക്കപ്പെടുന്ന ലേഖനങ്ങൾ സാന്തോം മെസഞ്ചർ സ്പെഷ്യൽ എഡിഷനിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. കൂടാതെ വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങളും!!**



Dear Friends in Christ Jesus,

During one of my recent family visits, I learnt that the head of the family, who was a chronic alcoholic, had abandoned his wife and two children. Before starting the prayers, I requested the family to pray for him, so that he may return with a contrite heart. At that very moment, interrupting me, they said, "Father, please don't pray for his return. He is an additional burden on our family which is struggling to make ends meet. We are better off without him". I had a similar experience a few months ago, when one of my closest friends approached me complaining about her father's drinking habits. I advised her to take him for a week long retreat and pray for his healing. Although she was not hopeful about his recovery, she was happy that, at least for a week, he would stay away from the family and they would be able to have some peace of mind.

Dear friends, we are preparing ourselves for the 70th year of Indian Independence. On this occasion, let us ask ourselves: Are we really free??

Jesus is inviting us to break the shackles of bondage and be free from every unhealthy habit that enslaves us. St. Chavara compares a true Christian family with the Heavenly Abode. Then, what is it that turns our Heavenly Abode into hell? Each of us should try and find an answer to this question and rise above the challenges we face in our daily lives. The closing down of bar hotels in Kerala has set an example and let us pray that many others follow the same example so that our families become a Heavenly Abode.



Wishing you all the Greetings of the Feast of the Assumption of our Blessed Mother and Independence Day!

**Fr. Justin Manninezhath**
Asst. Vicar

# ട്രസ്റ്റിമാർ സംസാരിക്കുന്നു...








നിങ്ങൾ ലോകമെല്ലാം പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന ദിവ്യനാഥന്റെ ആഹ്വാനം ഹൃദയത്തിൽ ഏറ്റുവാങ്ങി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വചനപ്രഘോഷണത്തിലൂടെ സഭാതരുവിനു ജന്മം നൽകിയ ശ്ലീഹന്മാരെ അനുസ്മരിക്കുന്ന കൈത്താക്കാലത്തിന്റെ ആചരണത്തിലാണല്ലോ നമ്മെല്ലാവരും. സഭയുടെ വളർച്ചയെക്കുറിച്ചു ധ്യാനിക്കുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധമായ ജീവിതം നയിച്ചുകൊണ്ട് സഭയ്ക്ക് പുതുജീവൻ നൽകാൻ നമുക്കു പ്രതിജ്ഞാബദ്ധരാകാം. വി. യാക്കോബ്. വി. ജോവാക്കിം, വി. അന്ന, വി. അൽഫോൻസാമ്മ തുടങ്ങിയവരുടെ മാദ്ധ്യസ്ഥം തേടുന്ന ഈ മാസത്തിൽ ഇവരുടെ മാതൃകകൾ നമ്മുടെ വിശ്വാസജീവിതത്തിൽ വഴിവിളക്കായി തീരട്ടെ. നിത്യജീവിതത്തെ മുന്നിൽകണ്ടുകൊണ്ട് സഭയോട്ചേർന്ന് നമ്മുടെ പ്രേഷിതമണ്ഡലത്തിൽ ക്രിസ്തുവിന് സാക്ഷ്യമേകുവാൻ നമുക്കു പരിശ്രമിക്കാം. ആധുനികതയുടെ മായാകാഴ്ചകളിൽ മുഴുകി നേട്ടങ്ങൾക്കുവേണ്ടി മാത്രം നെട്ടോട്ടമോടുന്നവരാകാതെ ക്രൈസ്തവമൂല്യങ്ങളാൽ ഫലംചൂടി മറ്റു മതസ്ഥർക്ക് മാതൃകയാവാം.

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിനായി ഒരുങ്ങുന്ന ഈ നാളുകളിൽ തിന്മയുടെ ശക്തിയെ ചവിട്ടിത്തകർത്ത് അമ്മയോടൊപ്പം യേശുസ്നേഹത്തിന്റെ ഫലങ്ങൾ നമുക്കും സ്വന്തമാക്കാം. എനിക്ക് ഈ ജനത്തോട് അനുകമ്പ തോന്നുന്നു എന്ന തിരുവചനത്തിന് കൂടുതൽ പ്രാധാന്യമേറുന്ന ഈ കരുണയുടേ വർഷത്തിൽ നമ്മുടെ ജീവിതവും പ്രവർത്തികളും കരുണാമസൃണമാക്കാൻ പരി. അമ്മയോടു പ്രത്യേകം പ്രാർത്ഥിക്കാം.

പരിശുദ്ധ അമ്മയുടേ സ്വർഗ്ഗാരോപണതിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യ ദിനത്തിന്റെയും മംഗളങ്ങൾ ഏവർക്കും നേരുന്നു.

സ്നേഹപൂർവ്വം,

**ട്രസ്റ്റിമാർ**

## Prayer Meetings of Wards in the Month of August

| Ward | Date | Venue: at the residence of | Time |
|---|---|---|---|
| St. Xavier's | Aug 14 | Mr. Paul John, 10th Cross, 1st Main | 6.00 pm |
| Holy Trinity | Aug 14 | Mr. Babu Zacharia, 1st Main, 3rd Cross | 6.00 pm |
| St. Sebastian | Aug 14 | Mr. K. C. Kuriakose, 2nd Cross, 2nd Main | 6.00 pm |
| St. Jude, BTM | Aug 14 | Mr. Davis C. P, BTM 2nd Stage | 5.00 pm |
| St. Mary's Ward, Thavarakere | Aug 14 | Mr. V. K. Joseph, BTM Layout | 5.00 pm |
| St. John's | Aug 14 | Tomy Antony, G 32 | 6.30 pm |
| St. Francis Assisi | Aug 14 | E. R. David, Bismillah Nagar | 6.00 pm |
| Holy Family | Aug 21 | Mr. Mathew P. J., 5th Cross, 4th main | 6.00 pm |

# The Road to Freedom

**Shibu Joseph**



It happened over two decades ago. My reading in those days took me to the world of Soren Kierkegaard, Friedrich Nietzsche, Jean-Paul Sartre and the awe-inspiring Fyodor Dostoevsky and their philosophy of existentialism; I was hooked. But I wasn't prepared for what followed. Those writers soon came to have a telling effect on my thoughts. They emphasized on the existence of the individual as a totally free being, whereas, all around me I saw restrictions that shackled my freedom – governmental, societal, institutional, family… Too many rules, too many restrictions, too many no-no's.

Soon I began to question the world I was in. Why do I have to live in a world where I do not have any freedom to be what I want to be? I argued with friends, reasoned with whoever cared to listen and questioned those in authority. I didn't see any meaning in pulling on. Soon dangerous thoughts welled up within.

And one day I reached perilously close to a breakdown. Pacing furiously across my room that day, like a deranged person, I shouted… I screamed at the world at the top of my voice… I thought my head would snap…!! Suddenly, like a bolt from the blue, I experienced a flash of lightning pass through me and I heard someone telling me in a very calm voice: 'Truth will make you free'. I was stunned. There was total silence. It was like the lull after the storm. I collapsed on my bed. And then, I experienced a very soothing feeling. I don't know how long I remained in that reverie. I dwelt on that sentence, trying to figure out its meaning. Soon it became crystal clear. The truth began to sink in: Let there be rules, restrictions, curbs… but as long as I know I am true to myself and I live this truth, nothing can shackle me.

That was the beginning of my journey to freedom. I discovered new meaning in this journey. The curbs and the laws that I found too stifling in the past, no more had their shackling effect on me. Because I knew that as long as my integrity was intact, my conscience was clear, I didn't have to worry about those rules. That was my TRUTH. That was my FREEDOM.

I found a new meaning to freedom. Freedom is my ability to exercise my choice and face the consequences of that choice. If I make the wrong choice, I should be prepared to face its consequences. I can choose to ride my vehicle in the wrong direction, but the consequence is obvious.

I can choose to stay in the anesthetizing security of being identified with the majority. I can choose to take the path that takes me to momentary 'happiness' that society accords. OR, I can choose to be a non-conformist and live my TRUTH that would give me lasting happiness;

that would help me live holding my head high. That's like being a rebel with a cause.

Jesus, the world's most famous rebel, rebelled against the system for what he believed in. He rebelled for his TRUTH. (It was much later that I discovered that the sentence 'Truth will make you free' was actually spoken by Jesus in the Bible).

So how do I exercise my freedom? I am free to choose the path I take. When I see injustice, disorder and, in many cases, lawlessness all-round, I can choose to crib about it, I can choose to whine about it, I can choose to curse people involved in such activities. OR, I can choose to 'wet my feet' and make a difference, I can take action to find solutions and leave a smile on the faces of people I meet. That's my freedom and it is that freedom that gives happiness to me, and to the people around me. That's my TRUTH. That's my FREEDOM.

We all can exercise that same freedom. This is what makes each person "capable of changing the world for the better if possible and changing himself for the better if necessary" as Victor Frankl would put it. We all have that capability within us. And when one is able to combine that freedom of choice with a commitment to the responsibilities one has towards the world around us, one can achieve anything one loves and live a life of freedom. That is like taking the road less travelled and discovering that it has made all the difference ■

*(The writer is Senior Editor, The Economic Times, and founder of 'A BRIDGE Over Troubled Water', an organization that works to build a support system for families that have lost their breadwinners)*

1. "Amma! I won the first prize for my speech on 'Freedom' in school!," she shouted with excitement.

"Hush girl! stop screaming! Don't you know that girls are not supposed to scream??!"

2." A little freedom is all I'm asking for Daddy," she pleaded. Listening to his daughter, he finally helped her stand on her feet, out of her little wheelchair.

Points to Ponder:

- Freedom isn't just about doing what you like. It's about sticking to your conscience and doing what is right when given an opportunity of total freedom.
- All of us can enjoy the freedom that we have to the fullest, without forgetting that our freedom ends at the tip of our neighbour's nose!

**- Akshita Shibu**

## വിവാഹാശംസകൾ



**Roy & Angel**

**13/06/2016**

# സ്വാതന്ത്ര്യം പരിശുദ്ധ അമ്മയുടെ ജീവിതത്തിൽ

ജോയി കോട്ടയ്ക്കൽ



''അപ്പോൾ ദൂതൻ അവളുടെ മുമ്പിൽ നിന്നു മറഞ്ഞു'' (ലൂക്കാ 1:37) ഒരു പക്ഷേ ലൂക്കാ സുവിശേഷകന്റെ മംഗളവാർത്താ വിവരണത്തിൽ നാം അധികം ശ്രദ്ധിക്കാതെ പോകുന്ന ഒരു വചനഭാഗം ആയിരിക്കാം ഇത്. നസ്രത്തെന്ന ഒരു കൊച്ചുഗ്രാമത്തിൽ സ്വസ്ഥമായി കഴിഞ്ഞിരുന്ന മേരിയെന്ന കന്യകയുടെ ജീവിതത്തെ അടിമുടി മാറ്റിമറിച്ച സംഭവമായിരുന്നു ഗബ്രിയേൽ മാലാഖയുടെ സന്ദർശനം. അവളുടെ ബുദ്ധികൊണ്ടു ഗ്രഹിക്കാൻ സാധിക്കാത്ത ഗഹനമായ ദൈവീക പദ്ധതിയുടെ മുമ്പിൽ - അവൾ രക്ഷകന്റെ മാതാവാകുമെന്നും, അവൻ വലിയവനായിരിക്കുമെന്നും, ദാവീദിന്റെ സിംഹാസനത്തിൽ ഭരണം നടത്തുമെന്നുമൊക്കെയുള്ള വലിയ വാഗ്ദാനങ്ങൾക്കുമുമ്പിൽ - വിനീതയായി, വിശ്വാസത്തിന്റെ അന്ധകാരത്തിലേക്ക് തന്നെതന്നെ അവൾ സമർപ്പിച്ചു. അവളിൽ നിന്ന് ആ സമ്മതം ലഭിച്ച മാത്രയിൽ 'ദൂതൻ അവളുടെ മുമ്പിൽ നിന്നു മറഞ്ഞു'. തുടർന്നുള്ള അവളുടെ ജീവിതത്തിലൊരിക്കലും വ്യക്തമായ സ്വർഗ്ഗീയ ഇടപെടലുകൾ നാം കാണുന്നില്ല. മറിച്ച് ദൈനംദിന ജീവിതത്തിന്റെ അവ്യക്തതകളുടെ നടുവിൽ - ജീവിതപങ്കാളിയുടെ സംശയം, പൂർണ്ണ ഗർഭിണിയായിരിക്കെയുള്ള നീണ്ട യാത്ര, ഒരു സ്ത്രീക്ക് ഏറ്റവും ആവശ്യമുള്ള സ്വകാര്യതയും പരിചരണവും നിഷേധിക്കൽ, കൈക്കുഞ്ഞിനെ രക്ഷിക്കാനായുള്ള പലായനം മുതലായവയിൽ - ഒറ്റക്ക്, താൻ ദൈവത്തിനുകൊടുത്ത സമ്മതത്തിൽനിന്നും വ്യതിചലിക്കാതെ, മുന്നോട്ടു നീങ്ങുന്ന പരിശുദ്ധ അമ്മയുടെ ജീവിതം ഒരു ദൈവപൈതലിന്റെ ആത്മീയ സ്വാതന്ത്ര്യത്തിന്റെ പൊരുളെന്താണെന്നു നമുക്കു കാണിച്ചുതരുന്നു.

പലപ്പോഴും ദൈവം നമ്മുടെ കണ്ണിൽനിന്നും മറയുമ്പോഴാണ് നമ്മൾ വിശ്വാസ ജീവിതത്തിൽ തളരുന്നതും വ്യതിചലിക്കുന്നതും. നാം പ്രാർത്ഥിക്കുന്നതെല്ലാം സാധിച്ചുതരുന്ന ദൈവത്തിൽ വിശ്വസിക്കുവാനും അങ്ങനെയുള്ള ദൈവത്തെ സ്തുതിക്കുവാനും നമുക്കെളുപ്പമാണ്. ദൈനംദിനജീവിതത്തിൽ നമ്മുടെ ആഗ്രഹങ്ങൾക്കനുസരിച്ച് വ്യക്തതയോടെ നമ്മെ നയിക്കുന്ന ദൈവത്തെയും നമുക്കിഷ്ടമാണ്. ബൈബിളിൽ നൽകപ്പെട്ടിരിക്കുന്ന



ദൈവീക അനുഗ്രഹങ്ങളെല്ലാം ഒന്നൊന്നായി നമ്മുടെ കുടുംബത്തിലേക്കു ചൊരിയപ്പെടുമ്പോൾ നമുക്കെന്തൊരാനന്ദമാണ്. പക്ഷേ, ചിലപ്പോഴെല്ലാം ഈ ദൈവം നമ്മിൽ നിന്നും മറയുന്ന അനുഭവം ഉണ്ടാകുമ്പോഴോ? ദൈവീക വാഗ്ദാനങ്ങൾ വിദൂരങ്ങളായി അനുഭവപ്പെടുമ്പോഴോ? മുന്നോട്ടുള്ള ജീവിതത്തിന്റെ വ്യക്തത നഷ്ടപ്പെടുമ്പോഴോ? പ്രാർത്ഥനകൾ നിരർത്ഥകമായി അനുഭവപ്പെടുമ്പോഴോ? അനുഗ്രഹങ്ങൾക്കുപകരം അധഃപതനത്തിന്റെ പടുകുഴിയിലേക്ക് നാം വലിച്ചെറിയപ്പെടുമ്പോഴോ?

വർഷങ്ങൾക്കു മുമ്പ് എനിക്കുണ്ടായ ഒരനുഭവം ഓർക്കുന്നു. മോൻ പ്രൈമറി സ്കൂളിൽ പഠിക്കുന്ന കാലം. സ്കൂൾബസ്സിലാണ് അവൻ സ്കൂളിൽനിന്നും വരുന്നത്. ബസ്സുവരുന്ന സമയത്ത് ഞാനോ ഭാര്യയോ അവനെ കാത്ത് ബസ്സ്റ്റോപ്പിൽ നിൽക്കാറാണ് പതിവ്. ഒരു ദിവസം ഓഫീസിലെ തിരക്കുകൾക്കിടയിൽ മോൻ വരുന്ന സമയം ഞാൻ മറന്നു. ഓർത്തപ്പോൾ സമയം 20 മിനിറ്റോളം കഴിഞ്ഞു. ഒത്തിരി ഭയത്തോടും ആശങ്കയോടുംകൂടി ഞാൻ ബസ്സ്റ്റോപ്പിലേക്കോടി. അവിടെ കണ്ടില്ല. അടുത്തുതന്നെയുള്ള വീട്ടിലേക്കോടി. അപ്പോൾ വാതിലിനു മുമ്പിൽ ബാഗും ബാസ്കറ്റും വെച്ച് സ്വസ്ഥമായി മോനിരിക്കുന്നു. എനിക്കു സമാധാനമായി. ഓടിചെന്ന് വാതിൽ

തുറന്ന് മോനോടൊപ്പം വീട്ടിൽ കയറി ചോദിച്ചു. ''മോൻ പേടിച്ചോ?'' അതിന് അവൻ അന്നു പറഞ്ഞ മറുപടി ഇന്നും അടഞ്ഞ വാതിലുകൾക്കു മുമ്പിൽ പകച്ചുനിൽക്കുമ്പോൾ ഞാൻ ഓർക്കുന്നു. ''വാതിൽ തുറക്കാൻ ഡാഡിയും മമ്മിയുമുള്ളപ്പോൾ ഞാനെന്തിനാ പേടിക്കുന്നേ?''

''കർത്താവ് ചോദിക്കുന്നു: സമീപസ്ഥനായിരിക്കുമ്പോൾ മാത്രമാണോ ഞാൻ നിങ്ങൾക്കു ദൈവം? വിദൂരത്തിലിരിക്കുമ്പോഴും ഞാൻ ദൈവമല്ലേ?'' (ജറ. 23:23). ദൈവം അകന്നിരിക്കുന്ന അനുഭവത്തിലൂടെ തീർച്ചയായും ദൈവം നമ്മെ നയിക്കും. ജീവിതത്തിന്റെ അവ്യക്തതകളും അനിശ്ചിതത്ത്വങ്ങളും അടഞ്ഞ വാതിലുകളും എന്നും നമുക്കൊപ്പമുണ്ടായിരിക്കും. അപ്പോഴെല്ലാം സ്വസ്ഥമായി, ദൈവമറിയാതെ എന്റെ ജീവിതത്തിൽ ഒന്നും സംഭവിക്കുന്നില്ല എന്ന തിരിച്ചറിവിൽ, ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെടുന്നവർക്ക് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്ന ഒരു പിതാവാണെന്റെ ദൈവം എന്ന ബോദ്ധ്യത്തിൽ (റോമ 8:28) അവിടുത്തേക്കായി കാത്തിരിക്കാൻ നമുക്കു കഴിയണമെങ്കിൽ, പരിശുദ്ധ അമ്മയുടെ ഈ ആത്മീയ സ്വാതന്ത്ര്യം നമുക്കു ലഭിക്കണം. യഥാർത്ഥ സ്വാതന്ത്ര്യം ഞാൻ ദൈവമകനാണെന്നുള്ള തിരിച്ചറിവാണ്. ഞാൻ ദൈവത്തിന്റെ സ്വന്തമാണെന്നും മറ്റൊരാൾക്കും ശക്തിക്കും എന്റെമേൽ ഒരധികാരവും ഇല്ലെന്ന സ്ഥായിയായ ഭാവമാണ് സ്വാതന്ത്ര്യം. ''മരണത്തിൻെറ നിഴൽവീണ താഴ്‌വരയിലൂടെയാണു ഞാൻ നടക്കുന്നതെങ്കിലും, അവിടുന്നു കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല'' (സങ്കീ. 23:4) എന്ന് സങ്കീർത്തകനോടൊപ്പം പറയാനാകുക ഈ ബോദ്ധ്യത്തിലാണ്.

''അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും, മുന്തിരിയിൽ ഫലങ്ങളില്ലെങ്കിലും, ഒലിവുമരത്തിൽ കായ്കൾ ഇല്ലാതായാലും വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും ആട്ടിൻകൂട്ടം ആലയിൽ അറ്റുപോയാലും കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും ഞാൻ കർത്താവിൽ ആനന്ദിക്കും. എൻെറ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോഷിക്കും. കർത്താവായ ദൈവമാണ് എൻെറ ബലം. കലമാൻെറ പാദങ്ങൾക്കെന്നപോലെ അവിടുന്ന് എൻെറ പാദങ്ങൾക്കു വേഗത നൽകി. ഉന്നതങ്ങളിൽ അവിടുന്ന് എന്നെ നടത്തുന്നു'' (ഹബക്കൂക്ക് 3:17-18). പരിശുദ്ധ അമ്മയുടെ സ്തോത്രഗീതത്തിന്റെ (ലൂക്കാ 1:46-51) പിന്നിലുള്ള ആത്മീയാനന്ദത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ചേതോവികാരം ഇതുതന്നെയല്ലേ? ■




**Biju Varghese, Anne, Ethan**
and sorrowing family.
179, Pearl Residency, Marathahalli, Bangalore.




***Congratulations to Mrs. Gracy Zacharias***
***for Securing International Nurses Day Award 2016***



# To Fly Like a Bird with Wings on High!!

## The Youth ponder the state of freedom



**Niveditha Joshy**
Chikkadugodi Ward

Pride in our country was found on the ground of principles of equality for all. A soft sigh for those who died for Her; each one a symbol of sacrifice, each one had a simple story to tell. And freedom now is in a very fragile state and we must stand ready to defend it. For, like fine crystal, it shatters due to our neglect or because of evil people around, and it is too late to be restored for there are many pieces for us to mend. The new amendments to our law are strange and don't make sense to most of us. Sometimes, I feel that the people whom we have elected to power have lost their common sense. With all the tawdry politics, and crime behind the scenes, murder, incest, theft and broken dreams, we know our country is crumbling, and the devil laughs with glee, because we turned our backs on God and we simply would not see ■



**Rahul John**
St. Xaviers Ward

What is freedom? Is Freedom an individual property, rather than belonging to everyone else equally? Let's not forget that freedom is the right to choose one's own actions and not to condemn others for their actions. Freedom is indeed a carefree word, but definitely with a deeper sense of responsibility for each and every individual. Restricting others freedom to prove one's own actions cannot be defined as freedom, rather it is being ignorant or selfish. Let's look into our own life wherein we might have many a times crossed the restrictions of life; yet, it doesn't mean we gained freedom. Rather, it is temporary disbelief,

What is freedom? How can it really be achieved? True wisdom lies with greater humility and this understanding can only be attained through one way, ...**Jesus**. *Following Jesus is the only true way to attain true freedom.* Let's not just be focused on achieving only selfish desires and worldly pleasures, rather let us realize that true freedom lies within our grasp, as Jesus proclaimed, '*Love one another, as I have loved you.*' Let's not try to define freedom only through speech ,but rather, practise it in our lives as well ■



**Anju Varghese**
Student at Alphonsa Bhavan

The greatest problem that youth face in today's world is the ability to distinguish between right and wrong. Freedom of choice in every aspect of life is always a debatable topic. We humans, especially the youngsters, resist compulsion. Remember, we are not robots programmed by God, instead He has given us a free will. Therefore, by weighing the pros and cons of every situation we need to decide accordingly and then take a stand.

Imagine you go to a restaurant and you are

asked to have the food based on the waiter's choice and you have no choice but to eat what he decides...how would you feel??! We don't like to be forced into decisions we're capable of making for ourselves. Even when we face more serious decisions, ones with moral implications, it is important that we choose for ourselves. God gave us our agency and will always respect our freedom to make choices. Yet, we are accountable for our choices and every choice has got its own consequences and dealing with it with the right amount of freedom and consensus is important.

Being non-judgmental and tolerant are good traits to possess, but, just because many films portray intimacy before marriage, "as OK!" when it actually isn't, we should not begin to think "it is OK"! Our thoughts are diverted in that fashion, likewise in other instances of life as well.

What we call truth or facts were established and defined by someone's thinking or imagination. That means there is nothing static, truth isn't relative and sin is not some unenlightened person's value based judgement. What we are depends on how we make choices about what is morally right! ■

**Sajjen Mathew**
St. Jude Ward, BTM



**(A Poetic View)**

Greed and ignorance of
the intelligent opened the
doors for slavery

In every transaction evil minds, never
failed to devise a treachery

With their soul sold for their ambitions
and gluttony

The treacherous always claim what is not
theirs to unleash agony

Yes this country like a generous mother
embraced rulers of all regions

As a return of favour they ravaged her,
with their evil legions

With The sons of the lands deceived and
daughters left helpless

It needed men and women of true spirit to
break the shackles

With centuries of bloody agitation and
stern resistance

We regained the land in tatters and broken
spirit

By the brave fight and selflessness of
a million martyrs we celebrated the
victory to regain what was ours

While we remember those souls who
displayed exemplary bravery

Take a moment to think ,"are we still
opening doors for slavery"

Through our continuing greed and no love
towards our brethren

Are we being the same prodigal son and
the Eve of Eden?

Not realising what freedom and love
showered, really means

Slowly killing yourselves and taunting
your beloved ones

This day lets unchain from our
stubbornness and selfishness

To glorify our almighty through our life,
full of richness ■




# Amoris Laetitia

## Chapter 1
## IN THE LIGHT OF THE WORD



**Fr. Benny Tharakkunnel CMI**

### *Marital Union: A voluntary self-giving in love*

In the Post-Synodal Apostolic Exhortation *Amoris Lætitia,* Pope Francis invites us to reflect on the reference Jesus makes to the second chapter of Genesis that gives us a splendid and detailed portrait of the first human couple. In the Genesis account we see the man, who anxiously seeks "a helper fit for him" (Gen. 2: 18, 20), capable of alleviating the solitude which he feels amid the animals and the world around him. Man finally gets a helper in woman. Then there is a direct encounter, face to face, eye to eye, in a kind of silent dialogue between the first man and the first woman. According to the Holy Father, this encounter is an encounter with a face, a person who reflects God's own love. In this connection the Holy Father quotes the words of the biblical sage who speaks of woman as man's "best possession, a helper fit for him and a pillar of support" (*Sir.* 36:24). The Holy Father then draws our attention to the description of a magnificent profession of love and mutual self-bestowal that can be found in the Song of Solomon through the song of a woman who sings: "My beloved is mine and I am his… I am my beloved's and my beloved is mine" (2:16; 6:3).

Continuing his catechises, the Holy Father teaches us that the encounter between man and woman which relieves man's solitude, gives rise to new birth and to the family. This idea is clearly and unambiguously articulated through the affirmation of the Pontiff, that Adam, who is also the man of every time and place, together with his wife, starts a new family. We are then invited to reflect upon the words of Jesus on the intimate union between a man and a woman. The Holy Father also gives us a profound theological and practical interpretation to the words of Jesus. Quoting the passage from Genesis, Jesus tells: "The man shall be joined to his wife, and the two shall become one" (*Mt* 19:5; cf. *Gen* 2:24). The very word "to be joined" or "to cleave", in the original Hebrew implies profound harmony, a closeness both physical and interior, to such an extent that the word is used to describe our union with God: "My soul clings to you" (*Ps* 63:8). Therefore marital union should be understood not only in its sexual and corporal dimension, but also in its voluntary self-giving in love. The result of this union according to *Amoris Lætitia* is that the two "become one flesh", both physically and in the union of their hearts and lives, and, eventually, in a child, who will share not only genetically, but also spiritually in the "flesh" of both parents. ■

# ഇടവകയിലെ സന്യാസ സമൂഹങ്ങൾ

## പരിശുദ്ധ കർമ്മല മാതാവിന്റെ സന്യാസിനി സമൂഹം

## (Congregation of the Mother of Carmel - CMC)

സി. റെജിസ് CMC

ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ സന്യാസസഭയാണ് 1831ൽ വി. ചാവറ പിതാവിന്റെ നേതൃത്വത്തിൽ സ്ഥാപിതമായ സി.എം.ഐ. സന്യാസ സമൂഹം. 1866 ഫെബ്രുവരി 13-ാം തീയ്യതി വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഇറ്റാലിയൻ കർമ്മലീത്താ മിഷനറിയായ ഫാ. ലെയോ പോൾദ് ബൊക്കാറൊയുടെ സഹകരണത്തോടെ കൂനമ്മാവിൽ സ്ത്രീകളുടെ കർമ്മല സമൂഹത്തിനു രൂപം നൽകി. ദൈവപരിപാലനയുടെ തണലിൽ പരിശുദ്ധ കർമ്മല മാതാവിന്റെ സന്യാസിനി സമൂഹം ഇന്നു വളർന്ന് വികസിച്ച് 6000 ൽപരം സിസ്റ്റേഴ്സ് 21 പ്രൊവിൻസുകളിലും 2 വൈസ് പ്രൊവിൻസുകളിലും 4 റീജിയണുകളിലുമായി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സ്നേഹശുശ്രൂഷ ചെയ്യുന്നു. പരിശുദ്ധ കർമ്മലനാഥയുടെ സംരക്ഷണയിൽ, പ്രണിധാന പ്രവർത്തന സമന്വയം ലക്ഷ്യംവച്ച്, വിവിധങ്ങളായ ശുശ്രൂഷകളിലൂടെ ദൈവജനത്തിന്റെ വിശിഷ്യ, സ്ത്രീകളുടെയും കുട്ടികളുടെയും രക്ഷാകര സമുദ്ധാരണത്തിനായി യത്നിച്ച് തിരുസഭയെ പടുത്തുയർത്തുക എന്നതാണ് സി.എം.സി. യുടെ പ്രത്യേകമായ കാരിസം. ആലുവായിൽ നിന്നും ഏകദേശം ആറുകിലോമിറ്റർ അകലെയായി തായിക്കാട്ടുകര എന്ന സ്ഥലത്താണ് സി.എം.സി. യുടെ കേന്ദ്രഭവനമായ മൗണ്ട് കാർമ്മൽ ജനറലേറ്റ് സ്ഥിതിചെയ്യുന്നത്. ജനറലേറ്റിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ വരുന്ന പൊതുഭവനമാണ് ജ്ഞാനോദയ സ്റ്റഡി ഹൗസ്, ബാംഗ്ലൂർ. ധർമ്മാരാം വിദ്യാക്ഷേത്രത്തിനടുത്ത് ക്രൈസ്റ്റ് സ്കൂൾ റോഡിൽ എസ്.ജി.പാളയത്തിലാണ് ജ്ഞാനോദയ സ്ഥിതിചെയ്യുന്നത്. ജൂനിയർ സിസ്റ്റേഴ്സിന്റെ നിത്യവ്രതാർപ്പണത്തിനൊരുക്കമായുള്ള ഒരു വർഷത്തെ തിയോളജി പഠനവും സന്യാസ പരിശീലനവുമാണ് പ്രധാനമായി ഇവിടെ നടക്കുന്നത്. സി.എം.സി. ഉൾപ്പെടെ 9 സന്യാസ സമൂഹങ്ങളിൽനിന്നുള്ള 55 ജൂനിയർ സിസ്റ്റേഴ്സ് 2016-17 അദ്ധ്യയന വർഷത്തിൽ പരിശീലനം നേടുന്നു. കൂടാതെ വിവിധ പ്രൊവിൻസുകളിൽ നിന്നുള്ള സി.എം.സി. സിസ്റ്റേഴ്സ് ധർമ്മാരം വിദ്യാക്ഷേത്രം, ക്രൈസ്റ്റ് യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്നു.



തിരുക്കുടുംബഭക്തനായ വി. ചാവറപ്പിതാവിന്റെ പ്രത്യേകമായ കാരിസം ഉൾക്കൊണ്ട് ഇടവക പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് മതബോധന ശുശ്രൂഷയിൽ 6 സിസ്റ്റേഴ്സും, സെന്റ് സേവ്യർ, സെന്റ മേരി, സേക്രട്ട് ഹാർട്ട് തുടങ്ങിയ വാർഡുകളിലെ കുടുംബകൂട്ടായ്മ ശുശ്രൂഷകൾ, ഭവന സന്ദർശനം, ആഴ്ചയിൽ ഒരിക്കൽ കൃപാലയയിലെ സ്നേഹശുശ്രൂഷ, അശോക് നഗർ സെന്റ് സെബാസ്റ്റ്യൻസ് ദിവ്യകാരുണ്യ സെന്ററിലെ മതബോധനം, ഇടവക ശുശ്രൂഷകൾ ഭവന സന്ദർശനം എന്നിവയിൽ സിസ്റ്റേഴ്സ് സേവനം ചെയ്യുന്നു.

ഇപ്പോൾ ജ്ഞാനോദയയുടെ സുപ്പീരിയറായി സി. റേജിസ് (ഭോപ്പാൽ പ്രൊവിൻസ്), ഡിയറക്ടറായി സി.ലിസ്യു തെരേസ് (കാഞ്ഞിരപ്പള്ളി പ്രൊവിൻസ്) എന്നിവർ സേവനമനുഷ്ഠിക്കുന്നു ■

# മട്ടുപ്പാവിൽ വിളയുന്ന നന്മകൾ



ടോണി തോമസ്

ഒരൽപം സമയവും ക്ഷമയും പരിശ്രമവുമുണ്ടെങ്കിൽ വളരെയെളുപ്പം നമുക്ക് ചെയ്യാവുന്ന ഒന്നാണ് മട്ടുപ്പാവിലെ പച്ചക്കറി കൃഷി. നമുക്കേവർക്കും പ്രചോദനമാവുന്ന രീതിയിൽ കഴിഞ്ഞ ഒരുവർഷക്കാലമായി വളരെ വിജയകരമായി ഇത് ചെയ്തുകൊണ്ടിരിക്കുന്ന നമ്മുടെ ഇടവകയിലെ ഒരു കുടുംബത്തെ നമുക്ക് പരിചയപ്പെടാം. സെന്റ് തോമസ് വാർഡിലെ താമസക്കാരനായ ചാർലി വർഗീസും കുടുംബവും. ചാർലിയും നമ്മുടെ പള്ളി വക കിഡ്സീയിലെ അധ്യാപിക കൂടിയായ അദ്ദേഹത്തിന്റെ ഭാര്യ ജിസ്മിയും അഞ്ചാംക്ലാസുകാരൻ ഡാരെലും ഒന്നാംക്ലാസുകാരി ഡയാനയും അടങ്ങിയതാണ് ഈ കൊച്ചു കുടുംബം.

എന്തുകൊണ്ട് പണം ചെലവാക്കി, പതിയെ കൊല്ലുന്ന വിഷ പച്ചക്കറികൾ വാങ്ങി കഴിക്കണം എന്ന ചിന്തയിൽ നിന്നുമാണ് അദ്ദേഹം ഇങ്ങനെ ഒരു സംരംഭത്തിന് മുതിർന്നത്. ഇപ്പോൾ അവരുടെ മട്ടുപ്പാവ് വീട്ടാവശ്യങ്ങൾക്കുള്ള പച്ചക്കറികളെല്ലാം നൽകുന്ന നല്ലൊരു തോട്ടമാണ്. പയർ, ബീൻസ്, പച്ച മുളക്, തക്കാളി, വെണ്ടയ്ക്ക, വഴുതന, നിത്യവഴുതിന എന്നിവ ദിവസേനയെന്നോണം വിളവെടുക്കാനാവുന്നുണ്ട്. കൂടാതെ കാബേജ്, ഉരുളകിഴങ്ങ്, ചോളം, കപ്പ, കോവയ്ക്ക, പാവയ്ക്ക എന്നിവ അവരുടെ പുതിയ പരീക്ഷണങ്ങളിൽ പെടുന്നു. ആ കുടുംബവുമായി ഞങ്ങൾ നടത്തിയ അഭിമുഖത്തിലെ പ്രസക്ത ഭാഗങ്ങൾ.

**എങ്ങിനെയായിരുന്നു ഇതിന്റെ തുടക്കം?**

പാലക്കാടുള്ള ഒരു ബന്ധുവീട്ടിലെ വലിയൊരു പച്ചക്കറി തോട്ടം കണ്ടപ്പോൾ എന്തുകൊണ്ട് നമുക്കും ചെറിയ രീതിയിലെങ്കിലും ഇതായിക്കൂടാ എന്ന ചിന്തയിൽ നിന്നുമാണ് ഇതിന്റെ തുടക്കം. തിരികെ അവിടെ നിന്നും പോരുമ്പോൾ പത്ത് അഗ്രോ ബാഗുകളും വിത്തുകളുമായാണ് ഞങ്ങൾ വന്നത്.



**എന്തൊക്കെയായിരുന്നു തുടക്കത്തിൽ നേരിടേണ്ടി വന്ന വെല്ലുവിളികൾ?**

ആദ്യഘട്ടങ്ങളിൽ മൊത്തം പരാജയങ്ങളായിരുന്നു. നമുക്ക് മണ്ണ് പുറത്തുനിന്നും വാങ്ങണം. എന്ത് വളം ചെയ്യണം എന്നറിയില്ല. തുടക്കത്തിൽ ഞങ്ങൾ ഇത് താഴെയായിരുന്നു വെച്ചിരുന്നത്. അപ്പോൾ ഒന്ന് പതിയെ പിടിച്ചു വരുമ്പോൾ പെട്ടെന്ന് വാടി കരിഞ്ഞുപോകും. അഥവാ ചെടി പിടിച്ചാൽ തന്നെ അതിൽ ഫലങ്ങൾ ഉണ്ടാകുന്നില്ല. പലപ്പോളും ദേഷ്യം വന്നു പരിപാടി ഉപേക്ഷിച്ചാലോ എന്നുവരെ തോന്നിയിട്ടുണ്ട്. അങ്ങിനെയിരിക്കെ അടുത്ത ബന്ധുവായ ഒരു കൃഷി ഓഫീസറാണ് പറഞ്ഞത് വളക്കൂറില്ലാത്ത മണ്ണാണ് പ്രശ്നം എന്ന്. മണ്ണിനു വളമുണ്ടാകാൻ ചകിരിചോറും ചാണകപ്പൊടിയും മണ്ണിൽ യോജിപ്പിച്ച് ചേർക്കണം എന്ന് നിർദ്ദേശവും കിട്ടി. കൂടാതെ സ്റ്റെറാമീൽ എന്നൊരു ജൈവവളവും. അങ്ങിനെ ഉണ്ടായിരുന്ന മണ്ണിൽ ഇവയൊക്കെ യോജിപ്പിച്ച് വീണ്ടും തുടങ്ങിയപ്പോൾ ചെടികൾ തഴച്ചു വളരാൻ തുടങ്ങി. പക്ഷെ അപ്പോഴും ഫലങ്ങൾ ഉണ്ടാകുന്നില്ല. കാരണം ആവശ്യത്തിനു വെയിൽ കിട്ടാത്തതായിരുന്നു. അങ്ങിനെ എല്ലാ ചെടികളെയും ടെറസ്സിലെയ്ക്ക് മാറ്റി സ്ഥാപിച്ചു. അങ്ങിനെ പതിയെ പൂക്കൾ മൊട്ടിട്ടു കായ്കളുണ്ടായി തുടങ്ങി.

**ദിവസവും എത്ര സമയം ഇതിനായി ചെലവഴിക്കേണ്ടി വരും?**

ഞങ്ങൾ ഏകദേശം ഒരു മണിക്കൂർ ദിവസവും ഇതിനായി ചെലവഴിക്കാറുണ്ട്. ഞങ്ങളെല്ലാവരും ഒന്നിച്ച് വർത്തമാനം ഒക്കെ പറഞ്ഞ് അങ്ങിനെ. എല്ലാവർക്കും ഒരുപോലെ ഇഷ്ടമായത് കൊണ്ട് അതൊരു ഫൺ ടൈമും കൂടിയാണ്. കുഞ്ഞുങ്ങളെ പോലെ അവരെ പരിചരിക്കണം അപ്പോൾ അവയും നമ്മെ സ്നേഹിച്ചു തുടങ്ങും. പിന്നെ ഞായറാഴ്ചകളിൽ കുറച്ചു കൂടുതൽ സമയം ചെലവഴിക്കും. വളം ഇട്ടു കൊടുക്കുക, മണ്ണ് മിക്സ് ചെയ്യുക, കീടങ്ങൾ ഉണ്ടോ എന്ന് നോക്കുക എന്നിങ്ങനെ.

**എവിടെനിന്നുമാണ് ഇതിനു വേണ്ട സാധനങ്ങൾ വാങ്ങുന്നത്?**

ഞങ്ങൾ നാട്ടിൽ പോകുമ്പോൾ മൊത്തമായി വാങ്ങിക്കൊണ്ടു വരികയാണ് ചെയ്യുന്നത്. അഗ്രോ ബാഗുകൾ അഞ്ചു വർഷത്തോളം നിൽക്കും. ചാണകപ്പൊടി അഞ്ചു കിലോയുടെ പാക്കറ്റുകളായി കിട്ടാനുണ്ട്. പിന്നെ സ്റ്റെറാമീ



ലും. ചകിരിച്ചോർ ബ്ലോക്കുകളായി വാങ്ങാൻ കിട്ടും. വിത്തുകൾ പലപ്പോളും നാട്ടിൽ നിന്ന് തന്നെ വാങ്ങാറാണ് പതിവ്. ഇവിടെ ബംഗളൂരിൽ ഇതൊക്കെ ലാൽബാഗിൽ കിട്ടും. പക്ഷെ നാട്ടിൽ നിന്നും വാങ്ങുന്നതിന്റെ ഇരട്ടിയോളം വിലയാണ്. പച്ച ചാണകം ഇട്ടാൽ വല്ലാത്ത ദുർഗന്ധമുണ്ടാകും. അത് അയൽവാസികൾക്കു ബുദ്ധിമുട്ടുണ്ടാകുന്നത് കൊണ്ട് ഉപയോഗിക്കാറില്ല.

### എന്തുമാത്രം വെള്ളമാണ് വേണ്ടിവരിക?

ഒരു അഗ്രോ ബാഗിന് ഒരു ലിറ്റർ എന്ന കണക്കിലാണ് ഞങ്ങൾ വെള്ളമൊഴിക്കുന്നത്. വലിയ ബാഗുകളാകുമ്പോൾ അതനുസരിച്ച് കൂടുതൽ വെള്ളം വേണ്ടി വരും. കൂടുതൽ വെള്ളം കെട്ടിനിൽക്കും എന്ന് പേടി വേണ്ട. അഗ്രോ ബാഗുകളിൽ തുളകളുള്ളത് കൊണ്ട് അധികമുള്ള വെള്ളം അത് വഴി പുറത്തുപോകും.

### കീടങ്ങളുടെ ശല്യം ഉണ്ടോ? അവയ്ക്ക് എന്താണ് പോംവഴി?

കീടങ്ങൾ ഉണ്ടായിരുന്നു. പ്രത്യേകിച്ച് മുഞ്ഞ എന്ന് വിളിക്കുന്ന കീടം. പലരും പറഞ്ഞു നീർ ഉറുമ്പുകൾ അവയെ നശിപ്പിക്കും എന്ന്. ഞങ്ങൾ കുറെ നീറിനെ കൊണ്ട് വിട്ടു നോക്കി. നീറുകൾ പോയതല്ലാതെ കീടങ്ങൾ പോയില്ല. ഞങ്ങൾ പിന്നെ ആകെ ചെയ്തത് നമ്മുടെ പള്ളിയിലെ അച്ചനെ വിളിച്ചു വെഞ്ചരിപ്പിക്കുക മാത്രമാണ്. പിന്നീട് ഒരു ശല്യവും ഉണ്ടായിട്ടില്ല. അനുഭവസ്ഥർ പറയുന്നത് പുകയില കഷായം ഒരു നല്ല കീടനാശിനിയാണ് എന്നാണു. പിന്നെ പുഴുക്കളുടെ ശല്യം ഉണ്ട്. അവയെ നമ്മൾ നോക്കി പിടിച്ചു കളയുകയാണു ചെയ്യുക. ഒരുപാട് കിളികൾ വരാറുണ്ട് അവ കുറെയൊക്കെ പുഴുക്കളെ പിടിച്ചു തിന്നുകൊള്ളും.

### എന്തൊക്കെയാണ് ഭാവി പരിപാടികൾ?

കാബേജ്, ഉരുളകിഴങ്ങ്, കോവയ്ക്ക, പാവയ്ക്ക ഒക്കെ നട്ടിട്ടുണ്ട്. പിടിച്ചുവരുന്നതെ ഉള്ളു. പിന്നെ ടാർപോളിൻ ഷീറ്റ് കൊണ്ട് ഒരു മീൻകുളം ഉണ്ടാക്കാൻ ആലോചിക്കുന്നുണ്ട്. കുറച്ചു മീൻകുഞ്ഞുങ്ങളെ വളർത്തിയാൽ നമുക്ക് അത്യാവശ്യം വേണ്ടുന്ന മീനുകളെ ഉണ്ടാക്കിയെടുക്കാം.

### തുടക്കകാർക്ക് നൽകുവാനുള്ള ഉപദേശങ്ങൾ?

ഒരൽപം സമയവും മെനക്കെടാനുള്ള മനസ്സുമുണ്ടെങ്കിൽ ആർക്കും ചെയ്യാവുന്ന കാര്യമേയുള്ളൂ. ഒരുപാട് ക്ഷമ വേണം. പതിയെ മാത്രമേ നമ്മൾ ഉദ്ദേശിക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ എത്തുകയുള്ളൂ. അതുവരെ കാത്തിരിക്കുക തന്നെ വേണം. പലരും ഒരാവേശത്തിനു തുടങ്ങി പാതി വഴിയിൽ ഉപേക്ഷിക്കുകയാണ് പതിവ്. ഒരുപാട് സ്ഥലം വേണമെന്നില്ല. ഒരൽപം സ്ഥലത്ത് ചട്ടിയിലോ അഗ്രോ ബാഗിലോ ഒരു കറിവേപ്പിലയോ പച്ചമുളകോ നട്ടാൽ തന്നെ നമ്മുടെ അടുക്കള ആവശ്യത്തിനുള്ളത് കിട്ടും. കടകളിൽ നിന്നും വാങ്ങുന്ന പച്ചക്കറികൾ മുഴുക്കെ വിഷമാണ്. ഒരു തരം സ്ലോ പോയ്സണുകൾ. വീട്ടാവശ്യത്തിനുള്ളതെങ്കിലും നമുക്കിങ്ങനെ ഉണ്ടാക്കിയെടുക്കാൻ കഴിയും. മാത്രമല്ല ബാംഗളൂരിലെ കുട്ടികൾ മണ്ണിൽ തൊടാതെ പ്രകൃതിയെ അറിയാതെ വളരുന്നവരാണല്ലോ. അവരെ മണ്ണിനോടും കൃഷിയോടുമൊക്കെ അൽപമെങ്കിലും തല്പരരാക്കാനും ഇതിനു കഴിയും.

അദ്ദേഹം പങ്കുവെച്ച ചില ചിന്തകളാണ് ഏറ്റവും ശ്രദ്ധേയമായി തോന്നിയത്. എന്തുകൊണ്ട് നമുക്കിതൊരു കമ്മ്യൂണിറ്റി ആക്ടിവിറ്റി ആക്കി മാറ്റിയെടുത്തു കൂടാ? പലരെയും ഇതിൽ നിന്നും പിന്തിരിപ്പിക്കുന്ന കാര്യം കൃഷി സാധനങ്ങളുടെ ദൗർലഭ്യതയാണ്. നമ്മുടെ പള്ളിയിൽ നമുക്കീ സാധങ്ങൾ എത്തിച്ചുകൊടുക്കാനാവുമെങ്കിൽ കൂടുതൽ ആളുകൾ ഒരുപക്ഷെ മട്ടുപ്പാവിലെ പച്ചക്കറി കൃഷിയിൽ താല്പര്യം കാട്ടിയെക്കും. മാത്രമല്ല കൂടുതൽ കൃഷി ചെയ്തു നമുക്ക് ജൈവ പച്ചക്കറികൾ ഉണ്ടാക്കിയെടുക്കാനാവുമെങ്കിൽ പള്ളിയിൽ തന്നെ അത് ലേലം ചെയ്യുകയോ ചെയ്യാവുന്നതാണ്.

സാമൂഹ്യ മാധ്യമങ്ങളിൽ ഇത്തരത്തിലുള്ള പല കൂട്ടായ്മകളും കാണുന്നുണ്ട്. പ്രത്യേകിച്ച് തമ്മിൽ പരിചയം പോലുമില്ലാത്തവരാണ് അത് നടത്തുന്നത്. അവരൊക്കെ ഒരു പരിധി വരെ വിജയകരമായി ഇവ മുൻപോട്ടു കൊണ്ട് പോകുകയും ചെയ്യുന്നുണ്ട്. എങ്കിൽ ഒരു വിശ്വാസ സമൂഹമെന്ന നിലയിൽ എന്തുകൊണ്ട് നമുക്കും അതായിക്കൂടാ?

---

*MCA ബിരുദധാരിയായ ടോണി തോമസ് ബാംഗ്ലൂരിലെ പ്രസിദ്ധ IT കമ്പനിയിൽ ജോലി ചെയ്യുന്നു. വായന, സിനിമ, ഫുട്ബോൾ എന്നിവയാണ് ഹോബികൾ. നമ്മുടെ ഇടവകയിലെ Media & Communication വിഭാഗത്തിലെ സജീവ പ്രവർത്തകൻ കൂടിയാണ്. ഭാര്യ സൗമ്യയും മകൻ ഐവാൻ ടോണിയും അടങ്ങുന്നതാണ് കുടുംബം.*

# A Sneak Peek into the Parish Activities

## KIDZEE UPDATE

### Zesty July!!

Two months into the new year and its been a roller-coaster ride!! It is lovely to see the the children , their smiles, their glee, their wonder...and their innocence!! Even the most dull days are immediately brightened after a few minutes in the company of these little bits of heaven.

The first week was a mix of laughter and tears. After the initial hiccups, our students have settled down and have wholeheartedly adapted to the schedules and activities. They are curious about the world around them and are zesty about both work and play.

The first seminar of this academic year was conducted on 28th June 2016 by Dr. Deepa Austin for the parents which gave them useful information with regard to diet and oral health. She conducted dental check-ups for all the students and provided parents with feedback.







Blue day was celebrated with gusto on 19th July, coloring the campus in various shades of blue. Even though the climate has been unpredictable, the children enjoyed their outdoor sessions exploring sand play, water play and exercising their little hands and legs!!

On July 16th, we bid adieu to Mrs. Rosamma James, our dedicated and creative Nursery teacher. We wish her all the best in all future endeavors.

Looking forward to "Family Day" on 30th July 2016….and more about that in the next issue!!

**Teaching Faculty:**

Coordinator: **Sweetha Mary Rejy** MScMLT

1. Jismi Charly — Bsc, BEd
2. Preethi George — Bsc, BEd
3. Mary Lincy — MA, BEd
4. Nisha Abraham — PGDCA, NTT
5. Theress Brezbee — ZLPTTP trainee
6. Raji Sunil — ZLPTTP trainee
7. Soja Harris — BA, ZLPTTP trainee
8. Remya Antony — B. Com.

## SANTHOME KALAVEDHI'S FIRST STAGE PERFORMANCE

Santhome Kalavedhi is an initiative of Rev. Dr.Thomas Kallukalam C.M.I, with an aim of bringing the talented people of our parish into the limelight.

The search for varied talent began with auditions and there was good response for the same. After a few rounds of auditions, a team was formed with 30 members. The teams formed were for dance and light music.



The leaders who took the lead in the inception of Santhome Kalavedhi were Mr. John Saju Philip, Ms.Nivedita and Mr. Anlin Assisi. Initially, a dance and light music team was formed and we were blessed to perform on stage, for the first time, for the 130th Anniversary Celebration of Deepika news daily. It was a mesmerizing performance and was appreciated by the audience with huge applause.

All praise goes to our parish priest, assistant vicars, trustees and leaders of Santhome Kalvedhi for this performance.






Membership to this organization is still open and interested people who would like to nurture their talents, are requested to submit their application for the same ■

## ST. THOMAS YOUTH



On the beautiful day of 10th July, we, youth of St Thomas Forane church had a wonderful day out to Holiday Village Resort located at Kanakpura Road. We started our day after attending the Mass. We had a lot of fun in the bus, with songs and dance and a light breakfast. We had team building actives conducted by the resort, which everyone enjoyed very much including Sr Meena, Br Justine and Br Johnson who accompanied us. After which we spent some time in indoor games. Then we moved to have lunch. The resort staff served us with a delicious lunch with variety of food. Post lunch we all played in the pool and eventually ended up with Pool soccer. As the sun set we all had our cup of tea, took selfies and packed our bags back to home. Indeed a very wonderful trip. Thanks to Fathers, Brothers and Sisters who accompanied us ■



## THANAL

In order to make *Thannal*, an initiative of St. Thomas Youth, more effective, we plan to visit individual wards of our parish on a fixed day, once in two months. The assigned day for each ward is given below. Let us join our hands to make this initiative a success. Looking forward to your sincere cooperation.

*SMYA: Saint Thomas Youth Association*
*(Mr. Jomon, Thanal Co-ordinator: 9544783303)*

### THANAL COLLECTION **August 2016**

| | |
|---|---|
| 1st Saturday | St. Thomas Ward, St. Alphonsa Ward, St. Francis Assisi Ward |
| 2nd Saturday | St. Sebastian, St. Xavier's, S.G Palaya |
| 3rd Saturday | Holy Family, Holy Trinity, S.G Palaya |
| 4th Saturday | St. Joseph, Lakksandra<br>St. Joseph, Adugodi<br>St. George, Wilson Garden |

**Sep-16**

| | |
|---|---|
| 1st Saturday | St. Jude, BTM St. Paul's, Chickadugodi<br>St. Mary's, Thavarakere<br>St. Chavara, Maruthinagar |
| 2nd Saturday | Infant Jesus, Jayanagar<br>Sacred Heart, J.P Nagar |
| 3rd Saturday | Don Bosco, Madiwala<br>St. John's Quarters |
| 4th Saturday | Convents, Others |

## സെന്റ് ക്രിസ്റ്റഫർ അസോസിയേഷൻ ഭാരവാഹികൾ


A.D. Joseph
President


Prakash Thomas
Vice President


Jaison K.J.
Secretary


Johnson Achandy
Joint Secretary


Jose P.V.
Treasurer

## മാതൃവേദി ഭാരവാഹികൾ


Alice Thomas
President


Jorly Jaison
Vice President


Trency Saji
Secretary


Simi Jacob
Cultural Secretary


Molly Varghese
Joint Secretary


Alice John
Treasurer

## സെന്റ് വിൻസെന്റ് ഡി പോൾ ഭാരവാഹികൾ


Ammu Mathew
President


C. V. Antony
Vice President


K.C. Kuriakose
Secretary


Toji John Mathew
Treasurer

# ഇടവക വാർത്തകൾ



## ദുക്റാന തിരുനാൾ

ജൂലൈ 3ാം തിയതി, ഭാരതത്തിന്റെ അപ്പസ്തോലനും നമ്മുടെ ഇടവകമദ്ധ്യസ്ഥനുമായ വി. തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിനം നമ്മുടെ ഇടവകയ്ക്ക് ആഘോഷത്തിന്റെയും അനുഗ്രഹത്തിന്റെയും സുദിനമായിരുന്നു. ഇടവക സന്ദർശനത്തിന്റെ ഭാഗമായി മാർ ആന്റണി കരിയിൽ പിതാവ് രാവിലെ 6.45 ന് പള്ളിയങ്കണത്തിൽ എത്തുകയും ഉചിതമായ വരവേല്പോടെ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് 7 മണിയുടെ ദിവ്യബലിയ്ക്ക് മാർ ആന്റണി കരിയിൽ പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു. ജൂലൈ 3 പ്രിയ ബഹുമാനപ്പെട്ട വികാരി തോമസ് കല്ലുകളം അച്ചന്റെ നാമഹേതുക തിരുന്നാൾ കൂടിയായിരുന്നു. 7 മണിയുടെ ദിവ്യബലിക്കുശേഷം മാർ ആന്റണി കരിയിൽ പിതാവും സഹകാർമ്മികരും അസി. വികാരിമാരും ട്രസ്റ്റിമാരും ഇടവകജനവും അദ്ദേഹത്തിന് തിരുമാൾ മംഗളങ്ങൾ നേർന്നു.

തുടർന്ന് പിതാവ് വിവിധ സംഘടനാഭാരവാഹികളുമായും, വേദപാഠവിദ്യാർത്ഥികളുമായും, പാരീഷ് കൗൺസിൽ അംഗങ്ങളുമായും, സാന്തോം സൗഹാർദ്ദ ക്രെഡിറ്റ് കോ ഓപറേറ്റീവ് സൊസൈറ്റി പ്രതിനിധികളുമായും, സെന്റ് തോമസ് പാരിഷ്–ട്രസ്റ്റ് സ്റ്റാഫ് അംഗങ്ങളുമായും, ട്രസ്റ്റിമാരുമായും, മതബോധന–സ്റ്റാർട്ട് പ്രതിനിധികളുമായും കൂടിക്കാഴ്ച നടത്തി.

രാവിലെ 10.30 ന് നടന്ന ആഘോഷമായ റാസ കുർബാനയ്ക്ക് റവ. ഫാ. റോബി വടാന മുഖ്യ കാർമ്മികത്വം വഹിച്ചു.







Bishop addressing the Parish Council



Bishop with Former Trustees



Bishop with Staff of Parish and Trust



Bishop with the Catechism Staff



Bishop addressing Catechism Students



Bishop with STARTT Mentors



Bishop with Staff of Santhome Souharda Credit Union Ltd



Bishop with Office Bearers of Associations

## Conclave of Accolades 2016

### വിദ്യാഭ്യാസ അവാർഡ്ദാന സമ്മേളനം

2015–16 അദ്ധ്യയനവർഷത്തിൽ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽനിന്ന് 80 ശതമാനത്തിലധികം മാർക്കോടെ ഉന്നതവിജയം കരസ്ഥമാക്കിയ മണ്ഡ്യ രൂപതാംഗങ്ങളായ വിദ്യാർത്ഥീവിദ്യാർത്ഥിനികൾക്കായി രൂപതയുടെ വിദ്യാഭ്യാസ വിഭാഗത്തിനു കീഴിലുള്ള സ്റ്റാർട്ട് പരിശീലനകേന്ദ്രവും രൂപതാ മതബോധനവിഭാഗവും സംയുക്തമായി സംഘടിപ്പിച്ച അനുമോദന സമ്മേളനം ജൂലൈ 3 ന് വൈകുന്നേരം 3 മണി മുതൽ 7 മണി വരെ ഫാ. ജോബ് മൈലാടിയിൽ മെമ്മോറിയൽഹാളിൽ വച്ച് നടന്നു. ചടങ്ങിൽ രൂപതാദ്ധ്യക്ഷൻ മാർ ആന്റണി കരിയിൽ മുഖ്യാതിഥിയായിരുന്നു. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ലക്ഷ്യം സമൂഹനന്മയായിരിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. വിശ്വാസജീവിതത്തിൽ അടിയുറച്ച വ്യക്തികൾ വിദ്യാഭ്യാസരംഗത്തും ഉന്നതനിലവാരം പുലർത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തിരഞ്ഞെടുക്കപ്പെട്ട എല്ലാ കുട്ടികൾക്കും പ്രശംസാപത്രവും ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികൾക്കായി രൂപതയുടെ പ്രത്യേക പുരസ്കാരവും നൽകി. വികാരി ജനറാൾ റവ. ഡോ മാത്യു കോയിക്കര, വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറിയും രൂപതാ ചാൻസലറുമായ ഫാ. ജോമോൻ കോലഞ്ചേരി, ബൈബിൾ–മതബോധന കമ്മീഷൻ സെക്രട്ടറി റവ. ഡോ. തോമസ് കല്ലുക






ളം, ഡോ. സിബിച്ചൻ ഐ.ആർ.എസ്., ഡോ. ലീന, മാർട്ടിൻ തോമസ് എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ മണ്ഡ്യ രൂപത ബൈബിൾ–മതബോധന കമ്മീഷൻ പുറത്തിറക്കിയ ബൈബിൾ സിഡിയും, സീറോ മലബാർ കുർബാനയുടെ ഇംഗ്ലീഷ് പതിപ്പും പ്രകാശനം ചെയ്തു.

### പ്രാർത്ഥനാശുശ്രൂഷ

നമ്മുടെ ഇടവകയിലെ അമ്മമാരുടെ നേതൃത്വത്തിൽ എല്ലാ രണ്ടാം ശനിയാഴ്ചയും 4.15 മുതൽ 5.15 വരെ നിത്യാരാധന ചാപ്പലിൽ പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നടത്തുന്നു. എല്ലാ അമ്മമാരെയും ഇതിലേയ്ക്ക് പ്രത്യേകം സ്വാഗതം ചെയ്യുന്നു.

### പാരീഷ് കൗൺസിൽ മീറ്റിംഗ്

ജൂലൈ 17 ന് നടന്ന പാരീഷ് കൗൺസിൽ മീറ്റിംഗിൽ 2016–17 പ്രവർത്തനവർഷത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട കൗൺസിൽ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.

### St. Thomas Youth

St. Thomas Youth ന്റെ ജെനറൽബോഡി മീറ്റിംഗ് ജൂലൈ 17–ാം തിയതി ഞായറാഴ്ച 9 മണിയുടെ ദിവ്യബലിക്കുശേഷം സെന്റ് അൽഫോൻസാ ഹാളിൽ വച്ച് നടന്നു.

## Nurses Forum

ഇടവകയിലെ നഴ്സുമാരുടെ ഒരു മീറ്റിംഗ് ജൂലൈ 17–ാം തിയതി ഞായറാഴ്ച 3 മണിക്ക് എ.സി. ഹാളിൽവച്ച് നടന്നു. ഇടവകയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്തുവൻ വേണ്ട മർഗ്ഗനിർദ്ദേശങ്ങൾ ബഹു. വികാരിയച്ചൻ നൽകുകയുണ്ടായി. 45 നഴ്സുമാർ ഇതിൽ സംബന്ധിച്ചു.

The Nurses Forum was held on 17/7/16. 45 members attended the meeting. The Nurses Forum meeting is scheduled in the First Sunday of every month at 3 pm. Fr. Vicar also informed that an orientation programme for the Nurses Forum will be conducted shortly.

**The following suggestions were discussed in the meeting.**

- Helping Krupalaya inmates by checking BP, GRBS etc.
- Health awareness programme
- Helping Bedridden patients.
- One Day Retreat for Nurses.
- Conducting Health Camps.
- Nurses Prayer meeting once in a month (3rd Sunday-from 4.30 to 5.30 pm in Adoration Chapel).
- Financial Help
- Helping Jobseekers(Nursing) for Placements
- Health talk for HIV, Alcoholic
- Giving injections, Dressing, Nebulizations etc. for patients who are in need.
- Health Education
- Counseling

## Advocates Forum

ഇടവകയിലെ അഡ്വക്കേറ്റ്സിന്റെ ഒരു മീറ്റിംഗ് ജൂലൈ 24–ാം തിയതി നടന്നു. It was decided in the meeting to conduct a Legal Awareness Programme on 4th Sunday of every month from 10.30 am to 12 pm and to give free Legal Advice

## St. Christopher  Association

St. Christopher Association ന്റെ വാർഷികയോഗം 24–ാം തിയതി ഞായറാഴ്ച വിവിധ കലാപരിപാടികളോടെ പാരീഷ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ വച്ച് നടന്നു

## Marriage Preparation Course

അടുത്ത Marriage Preparation Course, August 12, 13, 14 – വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ നടത്തപ്പെടുന്നു. രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും പാരീഷ് വെബ്സൈറ്റ് കാണുക.

www.stthomasforanechurch.org

## Natyarambha - Bharathnatyam Dance classes

ഭരതനാട്യം ഡാൻസ് ക്ലാസ്സിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ പാരീഷ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുക.

Natyarambha - Bharathnatyam Dance classes will take place in our Church. Interested candidates should fill the application forms kept at the Parish Office.

A special Prayer Session has been arranged for the Mothers of our Parish from 4.15 pm to 5.15 pm in our Adoration Chapel on every Second Saturday.

Next Marriage preparation course will be conducted from 12th to 14th of August. For the details and registration you may visit the Parish Website. www.stthomasforanechurch.org

It is obligatory for Syro-Malabar members who have been staying here for more than 6 months to enlist their names in the respective Syro-Malabar Parishes near their place of residence. The youth should obtain a youth identity card and participate in youth meetings. This will be extremely necessary for issuing any certificate. To obtain a Free State Certificate for marriage, youth identity card is a must and this certificate will be issued only 3 months after obtaining the youth identity card.

## ഓർത്തിരിക്കാൻ

### Special Prayer Session for Mothers

August 13 Saturday from 4.15 pm to 5.15 pm

### Shalom Convention

August 15 Monday from 9.00 am to 4.30 pm

### Nurses Prayer meeting

August 21 Sunday-from 4.30 to 5.30 pm

### Legal Awareness Programme

August 28 Sunday from 10.30 am to 12 pm

### Minority Scholarship

Applications are invited for Minority Educational Scholarships.



*Congratulations to Ms. Sophea Patrick for Securing Best Laboratory Technician / Scientific Assistant Award 2015 from St. John's Medical College*




## Bible Quiz Correct Answers

1. പാർപ്പിച്ചു (39:10)
2. നേരിയ (36:4)
3. കൃപ കണ്ടെത്തി (31:2)
4. വെളിയിൽ കിടക്കും (36:30)
5. ചങ്ങല (40:4)
6. വീണ്ടുകൊടുത്തു (35:2)
7. പകരം വീട്ടുകയും ചെയ്യും (32:18)
8. അനന്തമാണ് (33:11)
9. എന്നെ തിരിച്ചയക്കരുതേ (37:20)
10. ക്രോധം (36:7)
11. ഞാൻ നിനക്കു വെളിപ്പെടുത്തും (33:3)
12. മരിക്കും (38:2)
13. ആൺ സന്തതി (11:19)
14. വിലാപം (31:11)
15. കർത്താവിന്റെ വാക്ക് (38:20)

# ഏഴാമത്ത
# ബൈബിൾ ക്വിസ്




## ജെറമിയ (21-30) (Jermiah 21-30)

1. തന്റെ ശക്തിയാൽ അവിടുന്ന് ഭൂമിയെ സൃഷ്ടിച്ചു. ജ്ഞാനത്താൽ ലോകത്തെ ഉറപ്പിച്ചു. അറിവിനാലോ?
2. ഞാനെത്ര ദുർഭഗൻ. കർത്താവ് എന്റെ യാതനകൾക്കുമേൽ കുന്നുകൂട്ടുന്നതെന്താണ്?
3. നിന്റെ അനാഥരായ മക്കളെ എന്നെ ഏൽപ്പിക്കുക. ഞാനവരെ എന്തുചെയ്യും?
4. നെത്താനിയായുടെ മകനായ ഇസ്മായേൽ അതു എന്തുകൊണ്ട് നിറച്ചു?
5. യാഹോയാക്കിൻ കാരാഗൃഹവസ്ത്രങ്ങൾ ഉപേക്ഷിച്ച് എല്ലാ ദിവസവും അവൻ ആരോടൊത്ത് ഭക്ഷണം കഴിച്ചു?
6. പടച്ചട്ടയും പരിചയും ധരിച്ച് എങ്ങനെ മുന്നേറണം?
7. അവർ കർത്താവിന്റെ വാക്കു കേൾക്കാതെ എവിടെയാണ് എത്തിയത്?
8. ഞാൻ നിങ്ങളെ അവനിൽനിന്നും മോചിപ്പിക്കും. ഞാൻ നിങ്ങളോട് എന്താണ് കാണിക്കുന്നത്?
9. ഇടയന്മാർ വഴിതെറ്റിച്ച് മലകളിൽ ചിതറി നഷ്ടപ്പെട്ട ആരാണ് എന്റെ ജനം?
10. നേരിയായുടെ പുത്രന്റെ പേരെന്ത്?
11. വടക്കുനിന്നും ജലമുയരുന്നു. അതു കവിഞ്ഞൊഴുകുന്ന എന്തായിത്തീരും?
12. ഞാൻ ഒളിച്ചുവച്ച കല്ലുകളിൽമേൽ അവൻ തന്റെ എന്താണ് ഉറപ്പിക്കുന്നത്?
13. നീ കഴുകനെപ്പോലെ ഉയരത്തിൽ കൂടുവെച്ചാലും നിന്നെ ഞാൻ എന്തു ചെയ്യും?
14. കർത്താവ് അരുൾചെയ്യുന്നു.?.................... ഞാൻ ഒടിക്കും ആതാണ് അവരുടെ ശക്തി.
15. നമ്മുടെ കർത്താവിന്റെ കൽപന അനുസരിച്ചാൽ ഞങ്ങൾക്ക് എന്തു ഭവിക്കും?

1. It is he who made the earth by his power, who established the world by his wisdom, and by his understanding stretched out the………..
2. "Woe is me! The Lord has added …….. to my pain;
3. What does the God of Hosts say He will do to the orphans entrusted to Him?
4. What did Ishmael son of Nethaniah fill the cistern with?
5. After putting aside his prison clothes, with whom did Jehoiachin dine everyday?
6. Prepare buckler and shield, and …………. for battle !
7. In disobedience to the voice of Yahweh, where did the people of Judah go?
8. Do not be afraid of the king of Babylon, as you have been; do not be afraid of him, says the Lord, for I am with you, to save you and to rescue you from his hand. I will grant you …...
9. To what does the Lord compare his people who have been led astray by their shepherds?
10. Who was the son of Neriah?
11. What will happen to the waters rising out of the North?
12. Thus says the Lord of hosts, the God of Israel: I am going to send and take my servant King Nebuchadrezzar of Babylon, and he will set …….. above these stones that I have buried,
13. Although you make your nest as high as the eagle's, from there I will ……….
14. 'Yahweh Sabaoth says this: Look, I shall break …….., the source of his might.'
15. Why did the people promise Jeremiah that they would obey the Lord?

## നിബന്ധനകൾ

1. 2016 ആഗസ്റ്റ് 21-നകം ശരിയുത്തരങ്ങൾ പാരീഷ് ഓഫീസിൽ എൽപ്പിക്കേണ്ടതാണ്.
2. അൽമായർക്കുവേണ്ടി മാത്രമാണ് ഈ മത്സരം. ഒരു കുടുംബത്തിൽ നിന്നും ഒരാളിൽ കൂടുതൽ പങ്കെടുക്കാൻ പാടില്ല
3. വ്യക്തമായും കൃത്യമായും എഴുതിയ ഉത്തരങ്ങൾക്കൊപ്പം വാർഡും, അഡ്രസ്സും, ഫോൺ നമ്പരും ചേർക്കേണ്ടതാണ്.
4. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടെങ്കിൽ നറുക്കെടുപ്പിലൂടെ വിജയികളെ നിശ്ചയിക്കുന്നതായിരിക്കും.
5. പി.ഒ.സി. (മലയാളം) എൻ. ആർ. എസ്. വി. (ഇംഗ്ലീഷ്) എന്നീ ബൈബിൾ വിവർത്തനങ്ങളാണ് ഉപയോഗിക്കേണ്ടത്.
6. മത്സരത്തെക്കുറിച്ചുള്ള വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
7. മത്സരവിജയികൾക്ക് ഒന്നാം സമ്മാനം 500 രൂപയും രണ്ടാം സമ്മാനം 300 രൂപയും മൂന്നാം സമ്മാനം 200 രൂപയും നൽകുന്നതാണ്.
8. നിങ്ങളുടെ ഉത്തരങ്ങൾ ഒരു വാക്യത്തിൽ കവിയരുത്. (വചനത്തിന്റെ reference എഴുതണം).
9. നിങ്ങൾ എഴുതുന്ന ഉത്തരകടലാസിലും, കവറിലും പേരും അഡ്രസ്സും ഫോൺ നമ്പറും എഴുതി പത്രാധിപരെ ഏൽപ്പിക്കുക

## Bible Quiz
### കഴിഞ്ഞ ലക്കം വിജയികൾ

**I Prize -Mary Baby**
Holy Family Ward

**II Prize -Lilly John**
St. Paul's Ward

**III Prize- Chinnamma Antony**
Holy Trinity Ward


Five Star Deluxe Standards and Hygienic Tasty Food Are the Hall Mark of
Mangalya
CATERERS
THE ART OF FINE CATERERS
H.O.: 98806 17261, 97438 99948
Our Specials
Duck Roast
Prawns Fry
Fish Moly
Pork Vindaloo
മംഗല്യ


JC
JAISON CATERERS
The Taste of Bangalore)
Jaison Vezhapparambil
Tel: 080 25524540
Cell: 92431 03753
No. 8, Brindavan Nagar, Ramaiah Gardens, D.R.C. Post
Bangalore - 560 029
E-mail : jaisoncaterers@yahoo.com

# Dharmaram Vidya Kshetram

Pontifical Athenaeum of Philosophy Theology and Canon Law

*"Grass is greener where it is watered."*





Dharmaram Academy for

# Distance Education (DADE)

...for all seekers of knowledge...

...Distance Education...Distance Education...Distance Education...Distance Education...Distance Education.

**Courses Offered:**

PG Diploma in Theology
PG Diploma in Philosophy
PG Diploma in Counselling Psychology
PG Diploma in Spiritual Theology
PG Diploma in Biblical Studies
PG Diploma in Formative Spirituality
PG Diploma in Canon Law

...Distance Education...Distance Education...Distance Education...Distance ... ucation



**ADMISSION IS OPEN FOR THE YEAR 2016-2017**

**Open for all, especially, the laity, professionals, employers, preachers, catechism teachers, religious, youth, etc.**

* ANYONE WITH A DEGREE FROM A RECOGNISED UNIVERSITY MAY APPLY









**For Contact**

Director, DADE
Dharmaram Vidya Kshetram
Dharmaram College P.O. Bangalore 29, India

Tel: +91 (0) 80-4111 6333, +91 (0) 9342809497
Email: dadebangalore@gmail.com, director@dade.in,
Visit us at www.dade.in , www.dvk.in